(ഡി) പൂവനക്കാവു ചേലക്കൊമ്പുറോഡിൽ വല്യതോട്ടിൽ പണിയാനുദ്ദേശിക്കുന്ന പാലത്തിന്റെ ടെൻഡർ ഇതേവരെ വിളിക്കാത്ത കാരണം എന്താണു് ;

(ഇ) ഈ മാസത്തിൽ പ്രസ്തുത പാലംപണി ആരംഭിക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ): ഇതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭിച്ചുകഴിഞ്ഞിട്ടില്ലാത്തതിനാൽ ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ഇലക്ട്രിക് ട്രാൻസ്ഫാർമേഴ്സ്.

* 75. [26] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മാസത്തിൽ എത്ര ഇലക്ട്രിക് ട്രാൻസ്ഫാർമേഴ്സ് ഗവണ്മെന്റു വാങ്ങിയിട്ടുണ്ടു് ;

(ബി) എവിടെനിന്നാണു് ട്രാൻസ്ഫാർമേഴ്സ് വാങ്ങുന്നതു് ;

(സി) ട്രാൻസ്ഫാർമേഴ്സ് ഇല്ലാത്തതുകൊണ്ടു് ഇലക്ട്രിക് ലൈൻ പുതുതായി അനുവദിക്കാൻ വിഷമതകൾ നേരിടുന്നുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 502 എണ്ണത്തിനു് ആർഡർ കൊടുത്തിട്ടുണ്ടു്.

(ബി) ട്രാൻസ്ഫാർമേഴ്സ് ഉണ്ടാക്കുന്ന ഇൻഡ്യൻകമ്പനികളിൽ നിന്നു്.

(സി) ഇല്ല.

ശ്രീ. എം. എം. മത്തായി: ആർഡർ കൊടുത്തിട്ടും ഇതുവരെ ലഭിക്കാത്തതിന്റെ കാരണമെന്താണു് ?

ശ്രീ. കെ. ഐ. വേലായുധൻ: അറിഞ്ഞുകൂടാ.

ശ്രീ. എം. എം. മത്തായി: ട്രാൻസ്ഫാർമേഴ്സ് ഉണ്ടാക്കുന്ന കമ്പനി തിരുവിതാംകൂറിൽ ഉണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ: നോട്ടീസ് വേണം.

വനവാസ്സികളുടെ കൈവശമുള്ള ഭൂമി.

* 76. [28] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിൽ താമസിച്ചുവരുന്ന വനവാസ്സികളുടെ കൈവശം എത്ര ഏക്കർ ഭൂമിയുണ്ടെന്നു കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഒരു കുടുംബത്തിനു് എത്ര ഏക്കർവരെ കൃഷിചെയ്യുവാൻ അവകാശമുണ്ടു് എന്നു് വല്ല നിബന്ധനയുമുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര ;

(ഡി) വനവാസ്സികളുടെ പേരിൽ സ്ഥലം തെളിച്ചു് അന്യർ കൃഷിചെയ്തുവരുന്ന കാര്യം ഗവണ്മെന്റിനറിവുണ്ടോ ;

(ഇ) ഇതെക്കുറിച്ചു് അന്വേഷിക്കുവാൻ ഉദ്ദേശമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) മലവള്ളക്കാരുടെ കൈവശം എത്ര ഏക്കർ ഭൂമിയുണ്ടെന്നു സർവ്വേചെയ്തിട്ടില്ല. അതിനാൽ അതു് നിശ്ചയമായി പറയുവാൻ സാധിക്കുകയില്ല.

(ബി)-യും (സി)-യും മൂന്നുവയസ്സു പ്രായമുള്ള ഓരോ അംഗത്തിനും എട്ടിൽ അഞ്ചു് ഏക്കർവരെ കൃഷിചെയ്യുവാൻ അവകാശമുണ്ടെന്നാണു് നിയമം.

(ഡി)-യും (ഇ)-യും ചീഫ് കണ്ടിസർവേറ്റർക്കു് ചില പരാതികൾ ലഭിച്ചിട്ടുള്ളതായി അറിയാം. അതിനെക്കുറിച്ചു് അന്വേഷണം നടത്തുന്നുണ്ടു്.

ശ്രീ. സി. എ. മാത്യു: ഈ പ്രശ്നങ്ങളെക്കുറിച്ചു് അന്വേഷിക്കുന്നതിനും പഠിക്കുന്നതിനും മറ്റുമായി ഒരു കാൺഫറൻസ് നടത്തിയതായി പത്രങ്ങളിൽ കണ്ടു. അതു ശരിയാണോ?

ശ്രീ. എ. ജെ. ജാൺ: ശരിയാണു്. കാൺഫറൻസ് നടത്തുകയും കമ്മിറ്റിക്കാർ എല്ലാ സ്ഥലത്തും ചെന്നു് അന്വേഷിച്ചു് ഒരു റിപ്പോർട്ടു തരുകയും ചെയ്തിട്ടുണ്ടു്. ഇതുസംബന്ധിച്ചു് രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ സൂചന നൽകിയിട്ടുമുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: മലവള്ളക്കാർക്കു് അവരുടെ പാർപ്പിടങ്ങളിൽ സ്ഥിരാവകാശം കൊടുക്കുന്നതിനു് ഡിപ്പാർട്ടുമെൻറിനിന്നും വല്ല പ്രൊപ്പോസലും വന്നിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: മലവള്ളക്കാർ ഏതെങ്കിലും സ്ഥലത്തു് പ്രവേശിച്ചു് അഞ്ചോ പത്തോ ഏക്കർ സ്ഥലം കൃഷിചെയ്തു് ഒടുവിൽ അതു കൈമാറ്റം ചെയ്തിട്ടു് മറ്റു സ്ഥലങ്ങളിൽ പ്രവേശിച്ചു് കൃഷി ചെയ്യുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് അവർക്കു് പ്രത്യേകമായി സ്ഥലം തിരിച്ചുകൊടുക്കണമെന്നും അവർ അതു് കൈമാറ്റം ചെയ്യരുതെന്നും ഗവണ്മെൻറു് ഒരു തീരുമാനമെടുത്തിട്ടുണ്ടു്.

താലൂക്കുകളും പകുതികളും പുനർവിഭജനം.

*77. [29] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കുകളും പകുതികളും പുനർവിഭജനം സംബന്ധിച്ചുള്ള ജോലികൾ പൂർത്തിയായി കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ ലിസ്റ്റു് മേശപ്പുറത്തു വയ്ക്കുവാൻ ദയവുണ്ടാകുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) സംസ്ഥാനത്തെ താലൂക്കുകളും പകുതികളും പുനർവിഭജനം സംബന്ധിച്ചുള്ള ജോലികൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ടു്.

(ബി) അതു് ഗവണ്മെൻറു് പരിശോധിച്ചുകൊണ്ടിരിക്കുന്നതിനാൽ ഇപ്പോൾ ലിസ്റ്റു് മേശപ്പുറത്തു വയ്ക്കാൻ നിവൃത്തിയില്ല.

ശ്രീ. എൻ. ജി. ചാക്കോ: ലിസ്റ്റു് എന്നു പൂർത്തിയാകും?

LIBRARY ARCHIVES Kerala Legislative Assembly